# സകല ജാതികൾക്കും ഉള്ള രക്ഷ

## ലൂക്കോസ് 2:30-33

**"ജാതികൾക്കു വെളിപ്പെടാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ."**

യെരുശലേമിൽ ശിമ്യോൻ എന്നു പേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ഈ മനുഷ്യൻ നീതിമാനും, യിസ്രായേലിന്റെ ആശ്വാസത്തിനുമായി കാത്തിരിക്കുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവ് അവന്റെ മേലുണ്ടായിരുന്നു. കർത്താവിന്റെ ക്രിസ്തുവിനെ (ദൈവത്തിന്റെ അഭിഷിക്തൻ എന്നർത്ഥം) കാണുംമുൻപെ മരണം കാൺകയില്ല എന്ന് പരിശുദ്ധാത്മാവിൽ അവന് അരുളപ്പാട് ഉണ്ടായിരുന്നു. അവൻ ആത്മനിയോഗത്താൽ ദേവാലയത്തിൽ വെച്ച് യേശുപൈതലിനെ കൈയ്യിലെടുത്ത് ദൈവത്തെ പുകഴ്ത്തി പറഞ്ഞ വാക്കുകളണ് മുകളിൽ നാം വായിച്ചത്. ശിമ്യോന്റെ വാക്കുകളിലൂടെ ദൈവാത്മാവ് വലിയ രഹസ്യങ്ങൾ വെളിപ്പെടുത്തി തന്നിരിക്കുന്നു. അവയിൽ ചിലത് നമുക്ക് ചിന്തിക്കാം.

1. ദൈവത്തോട് ശിമ്യോൻ പറയുന്നു "നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ."

   ആദാമിലും, ഹവ്വായിലും കൂടെ സാത്താന്യ തന്ത്രത്തിലകപ്പെട്ട്, പറുദീസാ അനുഭവം നഷ്ടപ്പെട്ട മനുഷ്യകുലത്തിന്, തിരിച്ചുവന്ന് പറുദീസാ അനുഭവം വീണ്ടും കരഗതമാക്കുവാനുള്ള രക്ഷയുടെ വഴി ഒരുക്കിയത് സ്നേഹവാനായ ദൈവം തന്നെ ആണെന്നും, ആ വഴി തന്റെ കൈയ്യിലിരിക്കുന്ന യേശു ആണെന്നും ശിമ്യോൻ സാക്ഷ്യപ്പെടുത്തുന്നു. യെശയ്യാവ് 52:10 ൽ "സകല ജഡവും ദൈവത്തിന്റെ രക്ഷയെ കാണും" എന്ന് പ്രവാചകൻ പറഞ്ഞുവെച്ചു. ലൂക്കോസ് 3:6 ൽ യേശുവിന് വഴി ഒരുക്കുവാൻ അയയ്ക്കപ്പെട്ട സ്നാപക യോഹന്നാനും ഈ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നു. അനാദിയിലേ ഒരുക്കപ്പെട്ട്, ഉല്പത്തി 3:15 ൽ ആദ്യമായി പ്രവചിക്കപ്പെട്ടതും തുടർന്ന് സ്നാപകയോഹന്നാൻ വരെയുള്ള അനേക പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തപ്പെട്ടതുമായ 'രക്ഷയ്ക്കുള്ള വഴിയുടെ' നിവർത്തിയാണ് യേശുകർത്താവിന്റെ ജനനം.

2. നിന്റെ രക്ഷ ജാതികൾക്ക് പ്രകാശമാണ്, യിസ്രായേലിന് മഹത്വമാണ് .

വേദപുസ്തകം ലോകജനതയെ, യഹൂദനെന്നും (യിസ്രായേൽ), ജാതികളെന്നും വേർതിരിച്ചിരിക്കുന്നു. അബ്രഹാമിലൂടെ വിളിച്ച് വേർതിരിക്കപ്പെട്ട ദൈവത്തിന്റെ പ്രത്യേക ജനത ആണല്ലോ യഹൂദൻ. ജാതികൾ ദൂരെ നിർത്തേണ്ടവരാണെന്നും, ഇരുട്ടിലാണെന്നും യഹൂദൻ വിശ്വസിച്ചിരുന്ന ഒരു സമയത്താണ് യേശു ജനിച്ചത്. ശിമ്യോന്റെ മുകളിൽ പറഞ്ഞ വാക്കുകൾ വെളിപ്പെടുത്തുന്നത് യെഹൂദനു മാത്രമല്ല, ജാതികൾക്കും ഒരുപോലെ 'രക്ഷയ്ക്കുള്ള വഴിയാണ്' യേശുകർത്താവ് എന്നുള്ളത്.

യെശയ്യാ 9:2 ൽ ഇപ്രകാരം പറയുന്നു. "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു". ചുരുക്കത്തിൽ സകല ലോകജനത്തിനും രക്ഷയ്ക്കുള്ള ഏകവഴി യേശുകർത്താവ് മാത്രമാണെന്ന് ദൈവാത്മാവ് ശിമ്യോനെകൊണ്ട് പറയിപ്പിച്ചു.

അ.പ്രവൃത്തി 13:46 ൽ പൗലോസും ബർന്നബാസും തങ്ങൾ സംസാരിച്ചതിനെ എതിർത്തുപറഞ്ഞ യഹൂദന്മാരോട് ഇപ്രകാരം പറഞ്ഞു. "ദൈവവചനം ആദ്യം നിങ്ങളോട് പറയുന്നത് ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെത്തന്നെ നിത്യജീവന് അയോഗ്യർ എന്ന് വിധിച്ചു കളയുന്നതിനാൽ ഇതാ ഞങ്ങൾ ജാതികളിലേക്ക് തിരിയുന്നു". തുടർന്ന് അ.പ്രവൃത്തി 13:48 ൽ "ജാതികൾ ഇതുകേട്ട് സന്തോഷിച്ച് ദൈവവചനത്തെ മഹത്വപ്പെടുത്തി നിത്യജീവനായി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിച്ചു".

മുകളിൽ വായിച്ച വാക്കുകളിൽ നാം മനസ്സിലാക്കേണ്ട ഒരു പ്രധാന കാര്യമുണ്ട്. മശിഹാ ആയിവന്ന യേശുവിനെ രക്ഷകനായി സ്വീകരിക്കാത്തവർ, അവർക്കു തന്നെ, നിത്യജീവനുള്ള അയോഗ്യത കല്പിക്കുന്നവരായി തീരുന്നു. അങ്ങനെ ചെയ്താൽ അന്ധകാരത്തിൽ നിന്ന് പുറത്തുവരാൻ ആകാത്തവിധം, ഈ ലോകജീവിതത്തിലും, നിത്യജീവിതത്തിലും, ഒരുപോലെ തള്ളപ്പെട്ടുപോകുവാൻ ഇടവരാം.

നാം കടന്നുപോകുന്ന ഈ നാളുകൾ വളരെ പ്രതികൂലത്തിന്റെയും, അസമാധാനത്തിന്റെയും, അന്ധകാരത്തിന്റെയും നാളുകളാണല്ലോ. ഈ സമയങ്ങളിൽ സംരക്ഷണത്തിന്റെയും പ്രകാശത്തിന്റെയും പ്രാധാന്യത എത്ര വലുതാണെന്ന് നമുക്കറിയാം.

എഫേസ്യർ 6:11 ൽ രക്ഷയാകുന്ന ശിരോവസ്ത്രം ധരിക്കുവാൻ പൗലോസും ആവശ്യപ്പെടുന്നു. ശരീരത്തിന്റെ നിയന്ത്രണം മുഴുവൻ ശിരസിലാണ്. അതുകൊണ്ട് ശിരസ്സ് സംരക്ഷിക്കപ്പെട്ടാൽ അതിലൂടെ ശരീരം മുഴുവൻ സംരക്ഷിക്കപ്പെടും. രക്ഷയാകുന്ന

ശിരോവസ്ത്രം (Helmet of Salvation) അണിഞ്ഞാൽ അത് ആത്മാവിനും മനസ്സിനും ശരീരത്തിനും പൂർണ്ണ സംരക്ഷണം നൽകും. അതോടൊപ്പം ഇരുണ്ട സാഹചര്യങ്ങളിൽ പ്രകാശത്തെ പകരുകയും ചെയ്യും.

റോമർ 10:9 ൽ "യേശുവിനെ കർത്താവെന്ന് വായ് കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും"

സങ്കീർത്തനം 140:7 ൽ "നീ എന്റെ തലയിൽ ശിരസ്ത്രം ഇടുന്നു" എന്നും, യെശയ്യാവ് 59:17 "രക്ഷ എന്ന തലക്കോരിക ഇടുന്നു" എന്നും പറയുന്നു.

ഈ ദിനങ്ങളിൽ രക്ഷയാകുന്ന ശിരസ്ത്രം ഇതുവരെ ധരിക്കാത്തവർക്ക് അത് ധരിക്കുവാനും അത് ധരിച്ചവർക്ക് അതിന്റെ പ്രകാശത്തിൽ നിന്ന് ദൈവത്തിന് വീണ്ടും നന്ദി പറയുവാനുമുള്ള അവസരമാണ്.

പരാമർശം:

ലൂക്കോസ് 2:10,11

ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 026**